ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 12.03.2026**

## പ്രധാനവാർത്തകൾ

1. രാജ്യത്തെ ക്രൂഡ് ഓയിൽ വിതരണം പ്രതിസന്ധിയില്ലാതെ തുടരുന്നതായി കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി ലോകസഭയിൽ. രാജ്യസഭയിൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച ഇന്ന് നടന്നു.

2. പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധിയുടെ 22-ാാം ഗഡു നാളെ അസമിലെ ഗുവാഹത്തിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വിതരണം ചെയ്യും.

3. രാജ്യത്ത് ഇന്ധനവിതരണം തടസമില്ലാതെ തുടരുമെന്ന് ഉറപ്പു നൽകി ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ.

4. അർഹരായ 65,000 കുടുംബങ്ങൾക്കുള്ള മുൻഗണനാ റേഷൻകാർഡുകളുടെ സംസ്ഥാനതല വിതരണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും.

5. കുട്ടികളിലെ വൃക്കരോഗങ്ങൾ നേരത്തെ തിരിച്ചറിയുകയും സമയബന്ധിതമായ ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്ന 'പ്രതീക്ഷ' പദ്ധതിയ്ക്ക് സംസ്ഥാനത്ത് തുടക്കമായി.

6. സംസ്ഥാനത്ത് പകൽ താപനില വർധിക്കുന്നു. എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത.

****************************

RNU TVPM

## പാർലമെൻറ് (ഇൻട്രോ)

രാജ്യത്തെ ക്രൂഡ് ഓയിൽ വിതരണം പ്രതിസന്ധിയില്ലാതെ തുടരുന്നതായി കേന്ദ്രമന്ത്രി ഹർദീപ് സിംഗ് പുരി. പശ്ചിമേഷ്യൻ സംഘർഷം മൂലമുണ്ടായ ആഗോള ഊർജ്ജ പ്രതിസന്ധി സംബന്ധിച്ച് പാർലമെന്റിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എൽപിജി ലഭ്യത സംബന്ധിച്ച് വളരെയധികം പരിഭ്രാന്തി നിലനിൽക്കുന്നുണ്ടെന്നും ഹോട്ടലുകളെയും തെരുവ് കച്ചവടക്കാരെയും ഇത് ബാധിക്കുന്നുണ്ടെന്നും പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ലോക്സഭയിൽ പറഞ്ഞിരുന്നു. ഇന്ത്യയുടെ ക്രൂഡ് ഓയിൽ ഇറക്കുമതിയുടെ 70 ശതമാനവും മറ്റ് മാര്ഗങ്ങളിലൂടെയാണ് എത്തുന്നത് അതുകൊണ്ടു ഹോർമുസ് കടലിടുക്ക് വഴിയുള്ള കപ്പൽ ഗതാഗതം തടസ്സപ്പെട്ടാലും അത് രാജ്യത്തെ ബാധിക്കില്ലെന്ന് ശ്രീ. ഹർദീപ് സിംഗ് പുരി ഉറപ്പുനൽകി.

(വോയിസ് ...)

വിവിധ വിഷയങ്ങളെച്ചൊല്ലി ലോക്സഭ ഇന്നും പ്രക്ഷുബ്ധമായിരുന്നു. രാവിലെ 11 മണിക്ക് സഭ നടപടികൾ ആരംഭിച്ചപ്പോൾ, ചോദ്യോത്തര വേള പ്രതിപക്ഷം തടസപ്പെടുത്തി. തുടർന്ന് 12 മണി വരെ സഭ നിർത്തിവെച്ചു. വീണ്ടും പുനരാരംഭിച്ചപ്പോൾ പ്രതിപക്ഷം കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തെ സ്പീക്കർ ഓം ബിർള അഭിസംബോധന ചെയ്തു. ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനുള്ള തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്നും ഓം ബിർള പറഞ്ഞു.

****************************

## കേന്ദ്ര ഗ്രാമവികസന മന്ത്രാലയം

രാജ്യസഭയിൽ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച പുരോഗമിക്കുന്നു. ഇന്ത്യയുടെ യഥാർത്ഥ കരുത്ത് ഗ്രാമങ്ങളിലാണെന്ന് ബിജെപി എംപി സംഗീത

PNU TVPM

ബൽവന്ത് പറഞ്ഞു. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ഗ്രാമീണ മേഖലയിലുള്ളവർക്ക് തൊഴിൽ നൽകിയെന്നും, എന്നാൽ പദ്ധതിയുടെ വിഹിതം കുറച്ച് കേന്ദ്രം സംസ്ഥാന സർക്കാരുകൾക്ക് ബാധ്യതയുണ്ടാക്കിയെന്ന് കോൺഗ്രസ് എംപി ശക്തിസിൻഹ് ഗോഹിൽ ആരോപിച്ചു.

***************************

## കിസാൻ സമ്മാൻ നിധി

പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധിയുടെ 22-ാം ഗഡു നാളെ അസമിലെ ഗുവാഹത്തിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വിതരണം ചെയ്യുമെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ . 9.32 കോടി കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്നും അദ്ദേഹം ന്യൂഡൽഹിൽ മാധ്യമങ്ങളോട് പറഞ്ഞു.

***************************

## പശ്ചിമേഷ്യൻ സാഹചര്യം

നിലവിലെ പശ്ചിമേഷ്യൻ സാഹചര്യം സംബന്ധിച്ചു വിദേശകാര്യ മന്ത്രി . എസ്. ജയ്ശങ്കറും ഇറാൻ വിദേശകാര്യ മന്ത്രി സയ്യിദ് അബ്ബാസ് അരഘ്ചിയും തമ്മിൽ ചർച്ച നടത്തി. സമുദ്ര - ഗതാഗത സുരക്ഷ, ഊർജ്ജ സുരക്ഷയും സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്തതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഇറാനിൽ ഏകദേശം ഒൻപതിനായിരത്തോളം ഇന്ത്യൻ പൗരന്മാരുണ്ടെന്നും ഇന്ത്യക്കാരെ സർക്കാർ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റിയതായും അദ്ദേഹം പറഞ്ഞു. സംഘർഷം ആരംഭിച്ചതിന് ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദി ഗൾഫ് മേഖലയിലെ നേതാക്കളുമായി സംസാരിച്ചതായും അദ്ദേഹം അറിയിച്ചു .

RNU TVPM

***************************

## ഇന്ത്യൻ ഓയിൽ (ഇൻഡ്രോ)

ഗാർഹിക എൽപിജി സിലിണ്ടറുകൾ ബുക്കു ചെയ്യുന്ന കാര്യത്തിൽ ആശങ്ക ആവശ്യമില്ലെന്ന് അധികൃതർ അറിയിച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**
(വോയ്സ്)

രാജ്യത്ത് ഇന്ധനവിതരണം തടസമില്ലാതെ തുടരുമെന്നും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഉറപ്പു നൽകി. പെട്രോൾ, ഡീസൽ ഉൾപ്പെടെ ഉള്ളവയുടെ മതിയായ ശേഖരം ലഭ്യമാണെന്നും ഐ.ഒ.സി സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. വ്യാജ പ്രചരണങ്ങളിൽ വിശ്വസിക്കരുതെന്നും പെട്രോൾ പമ്പുകളിൽ അനാവശ്യതിരക്ക് ഒഴിവാക്കണമെന്നും മുന്നറിയിപ്പുണ്ട്.

****************************

## കൊല്ലം-പാചകവാതക അദാലത്ത്

കൊല്ലം ജില്ലാതല ഗാർഹിക പാചകവാതക അദാലത്ത് ജില്ലാ കലക്ടർ എൻ. ദേവീദാസിൻ്റെ അധ്യക്ഷതയിൽ നടന്നു. പാചകവാതക ക്ഷാമം ഉണ്ടാകുമെന്ന ആശങ്കമൂലം ഉപഭോക്താക്കൾ ധാരാളമായി സിലിണ്ടർ ബുക് ചെയ്യുന്നതിനാൽ ബുക്കിങ്ങ് സോഫ്റ്റ് വെയറിൻ്റെ സാങ്കേതിക തകരാറുകൾക്ക് കാരണമാകുന്നതായി ഏജൻസി പ്രതിനിധികൾ അറിയിച്ചു . വിദ്യാലയങ്ങൾ, ആശുപത്രികൾ , വൃദ്ധസദനങ്ങൾ എന്നീ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകണമെന്ന കേന്ദ്ര നിർദ്ദേശം പാലിക്കാൻ കമ്പനി പ്രതിനിധികൾക്ക് ജില്ലാകളക്ടർ നിർദ്ദേശം നൽകി.

RNU TVPM

****************************

## മുൻഗണനാകാർഡുകൾ

അർഹരായ 65000 കുടുംബങ്ങൾക്കുള്ള മുൻഗണനാ റേഷൻകാർഡുകളുടെ സംസ്ഥാനതല വിതരണോദ്ഘാടനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും. ഇതോടെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റി നൽകിയ ആകെ കാർഡുകളുടെ എണ്ണം 7 ലക്ഷത്തി 16,692 ആയി.

****************************

## പ്രതീക്ഷ

കുട്ടികളിലെ ഗുരുതര വൃക്കരോഗം വർധിച്ചുവരുന്ന സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് തുടക്കമിട്ട 'പ്രതീക്ഷ' എന്ന പുതിയ സമഗ്ര പദ്ധതിയുടെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിച്ചു.തിരുവനന്തപുരം എസ്.എ.ടി, ആശുപത്രി സംസ്ഥാനതല പീഡിയാട്രിക് നെഫ്രോളജി ഹബ്ബായി പ്രവർത്തിക്കും.കുട്ടികളിലെ വൃക്കരോഗങ്ങൾ നേരത്തെ തിരിച്ചറിയുകയും സമയബന്ധിതമായ ചികിത്സയും ഇടപെടലുകളും ഉറപ്പാക്കുകയും ചെയ്യുന്നതിലൂടെ ഗുരുതര വൃക്കരോഗത്തിന്റെ തീവ്രത കുറയ്ക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

****************************

## സാംസ്കാരിക പെൻഷൻ

സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പെൻഷൻ 5,000 രൂപയായി വർധിപ്പിച്ചതായി മന്ത്രി സജി ചെറിയാൻ.നിലവിൽ നൽകിവരുന്ന സൂപ്പറാന്വേഷൻ പെൻഷനും 5,000 രൂപയാക്കി ഉയർത്തിയിട്ടുണ്ട് . കലാകാരന്മാരെ ചേർത്തുപിടിക്കുന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ ഭാഗമായാണ് നടപടിയെന്ന് അദ്ദേഹം പറഞ്ഞു.

RNU TVPM

****************************

## താപനില

സംസ്ഥാനത്ത് പകൽ താപനില വർധിക്കുന്നു. ഇതോടൊപ്പം അൾട്രാവയലറ്റ് സൂചിക ഉയർന്നതിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. ഉയർന്ന ചൂട്, സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്ന് ജാഗ്രത നിർദേശത്തിൽ പറയുന്നു. 8 ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ 24 മണിക്കൂറിലെ യുവി ഇൻഡക്സ് കണക്കനുസരിച്ചാണ് ജാഗ്രതാ മുന്നറിയിപ്പ്.

****************************

## വെള്ളാപ്പള്ളി

എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി സ്ഥാനത്തുനിന്ന് - വെള്ളാപ്പള്ളി നടേശനെ നീക്കാൻ കേരള ഹൈക്കോടതി ഉത്തരവ് . പ്രൊഫ. എം.കെ. സാനു, അഡ്വ. എം.കെ. ശശീന്ദ്രൻ എന്നിവർ സമർപ്പിച്ച ഹർജികൾ പരിഗണിച്ച ജസ്റ്റിസ് ടി.ആർ. രവിയാണ് ഉത്തരവ് പുറപ്പെടുവിച്ചത്. 2006 മുതൽ യോഗത്തിന്റെ വാർഷിക റിട്ടേണുകൾ ഫയൽ ചെയ്തിട്ടില്ലെന്നും ഈ വിഷയം അന്വേഷിക്കാൻ സംസ്ഥാന സർക്കാർ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനെ നിയമിച്ചതായും ഹർജിയിൽ പറയുന്നു.

***************************

## വിൻറേജ് ബസ് (ഇൻട്രോ) PTC TVPM

മലയാളിയെ ഗതകാല സ്മരണകളിലേക്ക് കൈപിടിച്ച് ആനയിക്കുന്ന പഴയകാല വിന്റേജ് ബസ് കെഎസ്ആർടിസി പുനർനിർമ്മിച്ച് നിരത്തിലിറക്കി. ബസിൻറെ ട്രയൽ റൺ മന്ത്രി ബി ഗണേഷ് കുമാർ തിരുവനന്തപുരം കവടിയാർ കൊട്ടാരത്തിനു മുന്നിൽ നിന്നും ഫ്ലാഗ് ഓഫ് ചെയ്തു.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**

**(വോയ്സ്)**

RNU TVPM

***************************

## തമിഴ്നാട് ഗവർണർ

തമിഴ്നാട് ഗവർണർ ആയി രാജേന്ദ്ര വിശ്വനാഥ് അർലേക്കർ സത്യപ്രതിജ്ഞ ചെയ്തു. ലോക് ഭവനിൽ മദ്രാസ് ഹൈക്കോടതി ചീഫ് ജസ്റ്റിസ് സത്യവാചകം ചൊല്ലിക്കൊടുത്തു. ചടങ്ങിൽ മുഖ്യമന്ത്രി M.K. സ്റ്റാലിൻ ഉൾപ്പെടെയുള്ളവർ പങ്കെടുത്തു.

***************************

## ബിജി വർഗീസ്

ആകാശവാണി മുൻ പത്തനംതിട്ട ജില്ലാ പ്രതിനിധിയും ജീവൻ ടിവി റിപ്പോർട്ടറുമായിരുന്ന ബിജി വർഗീസിൻ്റെ സംസ്കാരചടങ്ങുകൾ നൂറനാട് പടനിലം സെൻ്റ് തോമസ്

ഓർത്തഡോക്സ് പള്ളിയിൽ നടന്നു. ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം.

*************************

## തീവ്ര വോട്ടർ പട്ടിക

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായിട്ടും, തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേരു ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേരു ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ, ECINET മൊബൈൽ ആപ്ലിക്കേഷൻ വഴിയോ, ബൂത്തുതല ഓഫീസർ വഴിയോ അപേക്ഷിക്കാം. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെ പേര് ചേർക്കാം.

*************************

## ആന്റിബയോഗ്രാം

2025ലെ 5 ജില്ലകളുടെ ജില്ലാതല ആന്റിബയോഗ്രാം പുറത്തിറക്കി കേരളം. ആശുപത്രികളിലെ ആന്റിബയോട്ടിക് പ്രതിരോധത്തിന്റെ തോത് വിലയിരുത്തന്നതാണ് ആന്റിബയോഗ്രാം. രാജ്യത്ത് ആദ്യമായാണ് ജില്ലാതലത്തിലുള്ള ആന്റിബയോഗ്രാം ഒരു സംസ്ഥാനം പുറത്തിറക്കുന്നത്. തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളുടെ ആന്റിബയോഗ്രമാണ് മന്ത്രി വീണാ ജോർജ് പുറത്തിറക്കിയത് .

**************************************************

*************************

RIU TVPM